**ചട്ടത്തിനുള്ള ഭേദഗതിയുടെ പരിഗണന**

2022 സെപ്റ്റംബർ 29-ാം തീയതിയിലെ സ.ഉ.(അച്ചടി) നമ്പർ 18/2022/വ്യവ. (എസ്.ആർ.ഒ. നമ്പർ 967/2022) മുഖേന പുറപ്പെടുവിച്ചിട്ടുള്ള 2022-ലെ കേരള ഡിസ്ട്രിക്ട് മിനറൽ ഫൗണ്ടേഷൻ (ഭേദഗതി) ചട്ടങ്ങൾക്ക് ഡോ. എൻ. ജയരാജ് നൽകിയ ഭേദഗതിയുടെ പരിഗണന

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): രാജ്യത്തെ ധാതുക്കളുടെ ഖനനം നിയന്ത്രിക്കുന്നതിനായി കേന്ദ്രസർക്കാർ 1957-ൽ മൈൻസ് ആന്റ് മിനറൽസ് (ഡവലപ്മെന്റ് ആന്റ് റഗുലേഷൻ) ആക്ട് പാസ്സാക്കിയിരുന്നു. പ്രസ്തുത ആക്ട് പ്രകാരം നൽകിയ അധികാരങ്ങൾ വിനിയോഗിച്ച് കേരള സർക്കാർ 2018-ൽ ചട്ടങ്ങൾ പുറപ്പെടുവിക്കുകയുണ്ടായി. 2018-ലെ ചട്ടങ്ങൾ ഭേദഗതി ചെയ്തുകൊണ്ട് 29-09-2022-ൽ (എസ്.ആർ.ഒ.നം.967/2022) വിജ്ഞാപനം പുറപ്പെടുവിച്ചു. പ്രസ്തുത ചട്ടങ്ങളിലെ ഭേദഗതിയാണ് ഞാൻ അവതരിപ്പിക്കുന്നത്.

2018-ലെ കേരള ഡിസ്ട്രിക്ട് മിനറൽ ഫൗണ്ടേഷൻ ചട്ടങ്ങൾ ഭേദഗതി ചെയ്ത് പുറപ്പെടുവിച്ച "2022-ലെ കേരള ഡിസ്ട്രിക്ട് മിനറൽ ഫൗണ്ടേഷൻ (ഭേദഗതി) ചട്ടങ്ങളിൽ " താഴെപ്പറയുന്ന ഭേദഗതികൾ നിർദ്ദേശിക്കുന്നു.

1) In serial no.11 of the schedule,-

(i) in Column (2), the following entry shall be substituted

" Member(s) of Lok Sabha representing the constituency in the concerned District" ;

(ii) in Column (3), for the words and symbol " Members/Member" the word " Member" shall be substituted.

2) In serial no. 12 of the schedule: in Column (2), the following entry shall be substituted " Member of Rajya Sabha representing the Kerala State who selects the concerned District."

3) In serial no.13 of the schedule,-

(i) in Column (2), the following entry shall be substituted " Members of Legislative Assembly representing the constituency in the concerned District."

(ii) in Column (3), for the word " Members" the word " Member" shall be substituted.

4) After Sl. No.18, for the words " following Note" the words " following Notes" shall be substituted.

5) In Note, the brackets for the numbers 2, 3 and 4 shall be omitted.

6) In Note (2),-

(i) for the word " Rajyasabha" the words " Rajya Sabha" shall be substituted wherever it occurs;

(ii) for the words " from a" before the word " State" the words " representing the Kerala" shall be substituted.

7) In Note (3), for the word " numbers" the word " number" shall be substituted.

ഈ ഭേദഗതിയുടെ പ്രധാനപ്പെട്ട വിഷയം എന്നുപറയുന്നത് Member of Parliament of Rajya Sabha from Kerala State എന്ന് ഭേദഗതി ചെയ്യാവുന്നതാണെന്ന് പറയാൻ കാരണം രാജ്യസഭയിൽ കേരളത്തെ പ്രതിനിധീകരിക്കുന്നത് 10 എം.പി. മാരാണ്. ഡിസ്ട്രിക്ട് മിനറൽ ഫൗണ്ടേഷൻ ഗവേണിംഗ് കൗൺസിലിൽ ഒരോ ജില്ലയ്ക്കും രാജ്യസഭാ എം.പി. അംഗമാകണമെന്നുള്ള വ്യവസ്ഥ നിലവിലുണ്ട്. 14 ജില്ലകളിലേയ്ക്കുള്ള ഗവേണിംഗ് കൗൺസിലിലേയ്ക്ക് ഒരു രാജ്യസഭാംഗം ഒന്നിലധികം ജില്ലകളിലെ ഡിസ്ട്രിക്ട് മിനറൽ ഫൗണ്ടേഷൻ ഗവേണിംഗ് കൗൺസിലിൽ അംഗമാകേണ്ടതുള്ളതിനാൽ " Members" എന്നുള്ളതിനെ " Member" എന്ന് ഭേദഗതി ചെയ്യാമെന്നുള്ളതാണ് പ്രധാനപ്പെട്ട ഭേദഗതി. കൂടാതെ രാജ്യസഭയിൽ കേരളത്തെ പ്രതിനിധീകരിക്കുന്ന എം.പി. മാരല്ലാത്ത കേരളത്തിൽനിന്നും മറ്റ് സംസ്ഥാനങ്ങളെ പ്രതിനിധീകരിക്കുന്ന എം.പി.മാരുമുള്ളതിനാൽ " Member of Parliament of Rajyasabha from

a State" എന്നതിൽ " Member of Parliament of Rajya Sabha representing the Kerala State" എന്ന് ഭേദഗതി ചെയ്യാവുന്നതാണ്.

അടുത്തത് " All Members of Legislative Assembly representing by the concerned District." എന്നതിനെ " Members of Legislative Assembly representing the constituency in the concerned District." എന്ന് ഭേദഗതി ചെയ്യാവുന്നതാണ്. ഇതാണ് പ്രധാനമായ ഭേദഗതികൾ, മറ്റ് ഭേദഗതികൾ ഇതിലെ സാങ്കേതികമായ കാര്യങ്ങൾ മാത്രമാണ്. 'Members' എന്നത് 'Member' എന്നാക്കണമെന്നുള്ളതും " Rajyasabha" എന്നത് 'Rajya Sabha' എന്ന് തിരുത്തണം എന്നുള്ളതുമാണ് മറ്റ് ഭേദഗതികൾ. ഭേദഗതികൾ അംഗീകരിക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ബഹുമാനപ്പെട്ട അംഗം ഡോ. എൻ. ജയരാജ് വളരെ സൂക്ഷ്മതയോടെ ചട്ടങ്ങളെല്ലാം പരിശോധിച്ചാണ് ഭേദഗതികൾ നൽകിയിട്ടുള്ളത്. അദ്ദേഹം നടത്തിയ പ്രവർത്തനത്തെ ഞാൻ പ്രത്യേകം അഭിനന്ദിക്കുന്നു. ഭേദഗതി 1, 2, 3, 4 എന്നിവ വിജ്ഞാപനത്തിന്റെ അടിസ്ഥാനലക്ഷ്യങ്ങളുമായി മാറി

നിൽക്കുന്നതാണ്. അതുകൊണ്ട് വിജ്ഞാപനത്തിന് ultra vires ആകുന്നതൊന്നും ചട്ടങ്ങളുടെ ഭാഗമാക്കാൻ സാധിക്കുന്നതല്ല. ആയതിനാൽ 1, 2, 3, 4 എന്നീ ഭേദഗതികൾ സ്വീകരിക്കുന്നില്ല.

ഭേദഗതി 5, 6 (i), 7 സ്വീകരിക്കുന്നു.

6(ii) വിജ്ഞാപനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾക്ക് പര്യാപ്തമല്ലാത്തതിനാൽ അംഗീകരിക്കുന്നില്ല. എന്നാൽ താഴെപ്പറയുന്ന മാറ്റത്തോടെ പ്രസ്തുത ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

6(ii) for the words " from a" before the word " State" the words " from the" shall be substituted.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച 5, 6(i), 7 എന്നീ ഭേദഗതികളും സഭ അംഗീകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ്, അങ്ങയുടെ 1, 2, 3, 4, എന്നീ ഭേദഗതികൾ പ്രസ് ചെയ്യുന്നുണ്ടോ?

<u>ഡോ. എൻ. ജയരാജ്</u>: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

<u>മി.സ്പീക്കർ</u>: അനുകൂലിക്കുന്നവർ……………………

പ്രതികൂലിക്കുന്നവർ……………………

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.